കഴിയുന്ന നേട്ടങ്ങൾ വിശദീകരിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചാൽ തമിഴ്നാടിന്റെ ആവശ്യം പരിഗണനയ്ക്കെടുക്കുവാനുള്ള സന്നദ്ധത കേരളം പ്രകടിപ്പിക്കുകയുണ്ടായി.

കരാർ പുനരവലോകന ചർച്ചകളിൽ മേൽപ്പറഞ്ഞ വിഷയങ്ങളിൽ ഇരുസംസ്ഥാനങ്ങളും അവരവരുടെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചുവെങ്കിലും അത്തരം കാര്യങ്ങളിൽ ധാരണയിലെത്തി യോജിച്ച തീരുമാനം കൈക്കൊള്ളുവാൻ കഴിഞ്ഞിട്ടില്ല. പരസ്പര ധാരണയിലെത്തി ഇരു സംസ്ഥാനങ്ങളുടെയും താൽപ്പര്യങ്ങൾ സംരക്ഷിക്കപ്പെടുന്ന തരത്തിൽ കൂട്ടായ തീരുമാനം ഉണ്ടാകുന്നതിനുള്ള പരിശ്രമങ്ങൾ തുടരേണ്ടതുണ്ട്. ഇതിനായി കൂടുതൽ ചർച്ചകളും ആവശ്യമാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പി.എ.പി. കരാർ ഉൾപ്പെടെയുള്ള വിഷയങ്ങൾ ചർച്ച ചെയ്യാൻ ഇരു സംസ്ഥാനങ്ങളിലേയും വകുപ്പ് മന്ത്രിമാരുടേയും ഉന്നത ഉദ്യോഗസ്ഥരുടെയും സാന്നിദ്ധ്യത്തിൽ 28-4-2013-ൽ ചേർന്ന യോഗത്തിന്റെ മിനിറ്റ്സ് കേരളം അംഗീകരിച്ച് തമിഴ്നാടിന് അയച്ച് കൊടുത്തിരിക്കുകയാണ്.

പുരക്കടവിൽ റഗുലേറ്റർ കം-ബ്രിഡ്ജ് നിർമ്മാണം

181 (2736) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ കടന്നപ്പള്ളി-പാണപ്പുഴ പഞ്ചായത്തിലെ ഏര്യംപുഴയ്ക്ക് കുറുകെ പുരക്കടവിൽ റഗുലേറ്റർ കം-ബ്രിഡ്ജ് സ്ഥാപിക്കുന്നതിന് ചെറുകിട ജലസേചനവകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ എപ്പോഴേക്ക് പൂർത്തിയാക്കാൻ കഴിയും ;

(സി) ഡിസൈൻ തയ്യാറാക്കി നബാർഡിന്റെ RIVF സ്കീമിൽ ഉൾപ്പെടുത്തി ഫണ്ട് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേശി മണ്ഡലത്തിലെ കടന്നപ്പള്ളി-പാണപ്പുഴ പഞ്ചായത്തിലെ ഏര്യംപുഴയ്ക്ക് കുറുകെ പുരക്കടവിൽ റഗുലേറ്റർ കം-ബ്രിഡ്ജ് സ്ഥാപിക്കുന്നതിനായുള്ള പ്രവൃത്തിയുടെ രൂപകൽപ്പന നടത്തുന്നതിലേയ്ക്ക് ഐ.ഡി. ആർ.ബി.

LIBRARY ARCHIVES Kerala Legislative Assembly

ചീഫ് എഞ്ചിനീയറുടെ നിർദ്ദേശപ്രകാരം കൂടുതൽ വിശദാംശങ്ങൾ ശേഖരിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിയുടെ ടെണ്ടർ നടപടിക്രമങ്ങൾ 20-8-2014-ന് ആരംഭിച്ചിട്ടുണ്ട്.

(ബി) 31-1-2015-നകം ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തിയാക്കാൻ കഴിയുമെന്ന് കരുതുന്നു.

(സി) പരിശോധിക്കുന്നതാണ്.

മുല്ലപ്പെരിയാർ അണക്കെട്ട് പ്രശ്നം

182 (2737) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുല്ലപ്പെരിയാർ അണക്കെട്ടിന്റെ പ്രശ്നം കേരളത്തിന് അനുകൂലമായി മാറ്റുന്നതിൽ ഗുരുതരമായ വീഴ്ച ഈ സർക്കാരിന് സംഭവിച്ചിട്ടുള്ളതായി വിലയിരുത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ വിശദാംശം നൽകുമോ ;

(ബി) 142 അടിയിൽ താഴെ ജലം ശേഖരിക്കുന്നതിലും പുതിയ ഡാം കെട്ടുന്ന കാര്യത്തിലും വീഴ്ച പറ്റിയിട്ടുണ്ടോ ;

(സി) തമിഴ്നാടിന് വെള്ളം കേരളത്തിന് സുരക്ഷ എന്ന നിലപാട് നേടിയെടുക്കാൻ ഈ സർക്കാരിന്റെ കാലയളവിൽ കഴിയുമെന്ന് കരുതുന്നുണ്ടോ ; ആവശ്യങ്ങൾ നേടിയെടുക്കാൻ കർമ്മ പദ്ധതി സർക്കാരിനുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ&ബി) മുല്ലപ്പെരിയാർ വിഷയത്തിൽ ബഹുമാനപ്പെട്ട സുപ്രീം കോടതി 7-5-2014-ൽ പുറപ്പെടുവിച്ച വിധിന്യായം കേരളത്തിന് അനുകൂലമായിരുന്നില്ല. മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് ഉയർത്തുന്നതുമായി ബന്ധപ്പെട്ട് തമിഴ്നാട് ഉയർത്തിയ അവകാശവാദങ്ങളെ ഖണ്ഡിച്ചുകൊണ്ട് കേരളം നിയോഗിച്ച പ്രഗത്ഭരായ അഭിഭാഷകർ കേസ് വാദിക്കുകയും കേരളത്തിന്റെ വാദങ്ങൾക്ക് ഉപോൽബലകമായ വസ്തുതകളും രേഖകളും ബഹുമാനപ്പെട്ട കോടതിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് ഉചിതമായ നടപടികൾ യഥാസമയം സ്വീകരിക്കുകയും ചെയ്തിരുന്നു. എന്നാൽ കേരളത്തിന്റെ പരിഗണനാർഹവും നീതിയുക്തവുമായ വാദങ്ങൾ ഒന്നുംതന്നെ സ്വീകരിക്കാതെ കേരളത്തിന്റെ ആവശ്യങ്ങൾ 7-5-2014-ലെ

LIBRARY ARCHIVES Kerala Legislative Assembly